കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കായണ്ണ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്. എ.കെ.കെ.ഡി/പി8/ 492/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കായണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്. എ.കെ.കെ.ഡി/പി8/ 492/2021 തീയ്യതി: 20/03/2021

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2019 മുതൽ 31-01-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 21-10-2019 മുതൽ 31-01-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
വാസുദേവൻ.എം	ഡെപ്യൂട്ടി ഡയറക്ടർ	03-03-2021	15-03-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
03-03-2021	15-03-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ.കെ.എം. : ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ജയകുമാർ പാലൊളി. : അസിസ്ററന്റ് ഓഡിറ്റ് ഓഫീസർ

ശ്രീജിത്ത്.കെ.വി : ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
എൻ.പത്മജ	പ്രസിഡന്റ്	01-04-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഷാജി എം സ്റ്റീഫൻ	സെക്രട്ടറി	01-04-2019	16-08-2019
ദീപു രാജു	സെക്രട്ടറി	16-08-2019	31-03-2020
പ്രസന്നകുമാരി അമ്മ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2019	25-07-2019
ഗിരീഷ് കുമാർ.ഇ.	അസിസ്റ്റന്റ് സെക്രട്ടറി	29-07-2019	31-03-2020
ബിജോഷ് എസ്.ഡി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2019	31-03-2020
സജിഷ്.വി.കെ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2019	31-03-2020
ഡോ.മുഹമ്മദ് നവാസ്	വെറ്ററിനറി സർജ്ജൻ	01-04-2019	15-08-2019
ഡോ.വിനീഷ്	വെറ്ററിനറി സർജ്ജൻ	16-08-2019	31-03-2020
ഡോ.ജീജ.സി.	മെഡിക്കൽ ഓഫീസർ, ഗവ ആയുർവ്വേദ ഡിസ്പൻസറി	01-04-2019	09-08-2019
ഡോ.നിഷ .സി.കെ.	മെഡിക്കൽ ഓഫീസർ, ഗവ ആയുർവ്വേദ ഡിസ്പൻസറി	09-08-2019	31-03-2020
ഡോ.ജീജ.കെ.എൻ.	മെഡിക്കൽ ഓഫീസർ,	01-04-2019	31-03-2020

	പി.എച്ച്.സി		
നീന.പി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2019	31-03-2020
ലീന.ടി.കെ.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Balakrishnan K.M (Audit Officer (HG), On 10-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-1
2	വാർഷിക കണക്കിലെ അപാകതകൾ Written By: Srijith K.V (Auditor, On 16-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-2
3	ആസ്തി- അപാകതകൾ Written By: Srijith K.V (Auditor, On 16-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-2-1
4	രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകൾ Written By: Srijith K.V (Auditor, On 16-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-2-2
5	അനുബന്ധ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയില്ല. Written By: Srijith K.V (Auditor, On 16-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-2-3
6	ജേണൽ എൻട്രികൾക്ക് വൗച്ചർ തയ്യാറാക്കുന്നില്ല. Written By: Srijith K.V (Auditor, On 16-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-2-4
7	ആസ്തികളുടെ തേയ്മാനം സംബന്ധിച്ച രേഖകളില്ല Written By: Srijith K.V (Auditor, On 16-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-2-5
8	ലേലം വരവ് 2 ശീർഷകങ്ങളിൽ വിഭജിച്ച് ബുക്ക് ചെയ്തു. Written By: Srijith K.V (Auditor, On 16-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-2-6
9	അനുബന്ധ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. Written By: Srijith K.V (Auditor, On 16-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-2-7
10	സാമ്പത്തിക വിശകലനം Written By: Srijith K.V (Auditor, On 11-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-3
11	ഫണ്ട് വിനിയോഗം Written By: Srijith K.V (Auditor, On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-4.
12	പദ്ധതി അവലോകനം Written By: Srijith K.V (Auditor, On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-5
13	തൊഴിലുറപ്പ് പദ്ധതി Written By: Srijith K.V (Auditor, On 13-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-6.
14	ക്ഷേമ പദ്ധതികൾ Written By: Srijith K.V (Auditor, On 13-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-7
15	ക്യാഷ് ബാലൻസ് Written By: Srijith K.V (Auditor, On 13-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-8
16	ആഭ്യന്തരനിയന്ത്രണം Written By: Balakrishnan K.M (Audit Officer (HG), On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-9
17	രശീത് -പിരിവിലെയും അക്കൗണ്ട് ചെയ്യുന്നതിലെയും	1-10

	അപാകതകൾ Written By: Srijith K.V (Auditor, On 14-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	
18	ട്രേഡേഴ്സ് ലിസ്റ്റിന് കൃത്യതയില്ല- ഡിമാന്റ് പൂർണ്ണമല്ല Written By: Srijith K.V (Auditor, On 15-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-11
19	തൊഴിൽ നികുതി- അപാകതകൾ Written By: Srijith K.V (Auditor, On 15-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-12
20	അനധികൃത കെട്ടിടത്തിനെതിരെ തുടർ നടപടികളില്ല. Written By: Srijith K.V (Auditor, On 15-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-13
21	ചെക്ക് കളക്ഷന് നൽകാതെ കാലഹരണപ്പെട്ടു. Written By: Srijith K.V (Auditor, On 16-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-14
22	റോഡ് കട്ടിംഗ്- പുനസ്ഥാപിക്കൽ ഫീ ഈടാക്കിയില്ല. Written By: Srijith K.V (Auditor, On 16-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-15
23	കറുത്തമ്പത്ത് ക്ഷേത്രം പാലം നിർമ്മാണം കുഴിച്ചെടുത്ത മണ്ണിന്റെ വിലകുറവ് വരുത്താതെ കരാറുകാരന് തുക നൽകി. Written By: Jayakumar Paloli (Asst. Audit Officer, On 16-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-16
24	പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ Written By: Jayakumar Paloli (Asst. Audit Officer, On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-17
25	എസ്റ്റിമേറ്റിലും എംബുക്കിലും പ്രവൃത്തിയുടെ ചെയിനേജ് രേഖപ്പെടുത്തുന്നില്ല- Written By: Jayakumar Paloli (Asst. Audit Officer, On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-17-1
26	മെയിന്റനൻസ് ഗ്രാന്റ് റോഡ് ഉപയോഗിച്ച് പുതിയ റോഡ് നിർമ്മാണം നടത്തുന്നു. Written By: Jayakumar Paloli (Asst. Audit Officer, On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-17-2
27	റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തി നടപ്പാക്കി . Written By: Jayakumar Paloli (Asst. Audit Officer, On 16-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-17-3
28	കാപ്പുമ്മൽ എസ്.ടി. കോളനി സാംസ്കാരികനിലയത്തിന് വാട്ടർടാങ്ക് - പദ്ധതി ലക്ഷ്യം കണ്ടില്ല. Written By: Jayakumar Paloli (Asst. Audit Officer, On 15-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-18
29	മുട്ടഗ്രാമം പദ്ധതി - പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട സബ്സിഡി നൽകിയില്ല Written By: Balakrishnan K.M (Audit Officer (HG), On 11-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-19
30	കാർഷിക മേഖല – പ്രൊജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും അപാകത Written By: Balakrishnan K.M (Audit Officer (HG), On 10-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-20
31	അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ	1-21

	വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയില്ല. Written By: Jayakumar Paloli (Asst. Audit Officer, On 15-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	
32	താത്കാലികമായി വിട്ടു നൽകുന്ന ആസ്തികളെ സംബന്ധിച്ച രേഖകളില്ല. Written By: Srijith K.V (Auditor, On 14-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-22
33	മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കാതെ നഷ്ടപ്പെടുത്തി Written By: Srijith K.V (Auditor, On 16-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	1-23
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	കറുത്തമ്പത്ത് ക്ഷേത്രം പാലം നിർമ്മാണം കുഴിച്ചെടുത്ത മണ്ണിന്റെ വില കുറവ് വരുത്താതെ കരാറുകാരന് തുക നൽകി. Written By: Jayakumar Paloli (Asst. Audit Officer, On 16-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	3-1
	ഭാഗം 4	
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Balakrishnan K.M (Audit Officer (HG), On 11-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം Written By: Balakrishnan K.M (Audit Officer (HG), On 11-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: Balakrishnan K.M (Audit Officer (HG), On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: Balakrishnan K.M (Audit Officer (HG), On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	4-4
5	വായ്പ / വായ്പാ തിരിച്ചടവ് Written By: Balakrishnan K.M (Audit Officer (HG), On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	4-5
6	സ്ഥിര നിക്ഷേപം Written By: Balakrishnan K.M (Audit Officer (HG), On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	4-6
7	ഓഡിറ്റ് റിക്കവറി Written By: Balakrishnan K.M (Audit Officer (HG), On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: Balakrishnan K.M (Audit Officer (HG), On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: Balakrishnan K.M (Audit Officer (HG), On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Balakrishnan K.M (Audit Officer (HG), On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	4-10

11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: Balakrishnan K.M (Audit Officer (HG), On 12-03-2021) Last Updated By: Vasudevan M (Deputy Director, On 20-03-2021)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	

ഭാഗം -1

1-1 ബജറ്റ്.

25.01.2019 തീയതിയിലെ 01(01) തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 25.03.2020 തീയതിയിലെ 01/01 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളുടെയും യഥാർത്ഥ വരവ് ചെലവുകളുടെയും ഒരു താരതമ്യം താഴെ കൊടുത്തിരിക്കുന്നു.

	ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ	യഥാർത്ഥ വരവ് ചെലവ് കണക്കുകൾ
മുൻബാക്കി	2528085	7671068
വരവ്	200832600	60386045
ആകെ	203360685	68057113
ചെലവ്	202204200	61066082
നീക്കിയിരിപ്പ്	1156485	6991031

21.01.2019 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് തയ്യാറാക്കിയതായും 25.01.2019 ന് ഭരണസമിതി ബജറ്റ് അംഗീകരിച്ചതായും കാണുന്നു. ഡി.പി.സി. അംഗീകരിച്ച വാർഷിക പദ്ധതി ഉൾക്കൊണ്ടു കൊണ്ടാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ കരട് ബജറ്റ് തയ്യാറാക്കിയതിന് വിശദമായ ചർച്ച നടന്നതായി കാണുന്നില്ല. വരുമാനത്തിലും ചെലവിലും കാലാകാലങ്ങളിലുണ്ടായ വ്യതിയാനങ്ങൾക്കനുസരിച്ച് അതാതു സമയങ്ങളിൽ ബജറ്റ് പുതുക്കുന്നതായി കാണുന്നില്ല. പകരം സാമ്പത്തിക വർഷാവസാനം മാത്രമാണ് ബജറ്റ് പുതുക്കി കാണുന്നത്. ബജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ട ആവശ്യമായ സാഹചര്യങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ, പുതുക്കിയതോ ആയ ബജറ്റ് തയ്യാറാക്കി അതാത് സമയങ്ങളിൽ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ് (സെക്ഷൻ 214). ഡി.പി.സി അംഗീകരിച്ച വാർഷിക പദ്ധതി ഉൾപ്പെടുത്തി തയ്യാറാക്കിയ ബജറ്റും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ അന്തരം കാണുന്നു. ബജറ്റ് പ്രകാരം വരവ് 20.08 കോടിയും യഥാർത്ഥ വരവ് 6.03 കോടിയുമാണ്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവ് 20.02 കോടിയും യഥാർത്ഥ ചെലവ് 6.10 കോടിയുമാണ്. ഭാവിയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ മേൽ കാര്യങ്ങളിൽ സൂക്ഷ്മത പാലിക്കേണ്ടതും ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിലുള്ള അന്തരം പരമാവധി കുറക്കേണ്ടതുമാണ്.

1-2 വാർഷിക കണക്കിലെ അപാകതകൾ

കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ഉപഖണ്ഡികകളായി ചേർത്തിട്ടുള്ള അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. അപാകതകൾ 12.03.2021 ലെ ഓഡിറ്റ് അന്വേഷണ കുറിപ്പിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തി സ്ഥാപനത്തിന്റെ അഭിപ്രായം തേടുകയും ചെയ്തിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-2-1 ആസ്തി- അപാകതകൾ

1. വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തെറ്റായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. റവന്യു ചെലവായി രേഖപ്പെടുത്തേണ്ട ഇടപാടുകൾ

മൂലധന ചെലവായി രേഖപ്പെടുത്തിയതിലൂടെ സ്ഥാപനത്തിന് യഥാർത്ഥത്തിൽ ഇല്ലാത്ത ആസ്തിമൂല്യം ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നു. ഉദാ- പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് തെങ്ങ് കയറ്റ യന്ത്രം വാങ്ങി നൽകിയതിന്റെ ചെലവുകൾ സ്ഥാപനത്തിന്റെ മൂലധന ചെലവായാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കർഷകർക്ക് തെങ്ങ് കയറ്റ യന്ത്രം വാങ്ങി നൽകുന്നതിനുള്ള പദ്ധതി പ്രകാരം (പ്രൊ.നം- 91/2019-20) ചെലവഴിച്ച 16380/- രൂപ മൂലധന ചെലവുകളായാണ് ബുക്ക് ചെയ്തിരിക്കുന്നത്. മേൽ റവന്യൂചെലവ് തുക 410710101 എന്ന ശീർഷകത്തിൽ സ്ഥാപനത്തിന്റെ ആസ്തിയായി ബുക്ക് ചെയ്തിരിക്കുന്നു (Vr No-21900878, തി. 01.12.2019).

2. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ- ഇലക്ട്രോണിക് ഉപകരണങ്ങൾ.
3. സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല.
4. പൊളിച്ച് മാറ്റിയതോ ഉപേക്ഷിച്ചതോ ആയ ആസ്തികളുടെ മൂല്യം വാർഷിക കണക്കുകളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഉദാ- 2019-20 വർഷത്തിൽ പൊളിച്ച് മാറ്റിയ GUP സ്കൂൾ കെട്ടിടത്തിന്റെ ആസ്തിമൂല്യം ബാലൻസ് ഷീറ്റിൽ നിന്നും കുറവ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല.
5. തൻ വർഷം പ്രവൃത്തി പൂർത്തീകരിച്ച് ആസ്തി ആർജ്ജിക്കപ്പെട്ടതും ക്യൂ ബിൽ ആയതിനാൽ അടുത്ത സാമ്പത്തിക വർഷം തുക നൽകാനുള്ളതുമായ ചെലവുകൾ വാർഷിക കണക്കിൽ ആസ്തി /ബാധ്യതാ പത്രികകളിൽ ഉൾകൊള്ളിക്കുന്നില്ല.
6. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആർജ്ജിക്കപ്പെടുന്ന ആസ്തികളുടെ ചെലവുകൾ 2 ൽ തുടങ്ങുന്ന ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തുന്നത്.
7. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ (റോഡുകൾ) ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടത്തുന്നതിനായി താൽക്കാലികമായി വിട്ടു നൽകുകയും പ്രവൃത്തി പൂർത്തീകരിച്ച് തിരികെ ലഭിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ ആസ്തികളുടെ മൂല്യത്തിലുള്ള വ്യതിയാനം സ്ഥാപനത്തിന്റെ കണക്കുകളിൽ പ്രതിഫലിക്കുന്നില്ല .
8. വാർഷിക ധനകാര്യ പത്രിക ബി11, ബി 11 എ എന്നീ പത്രികകൾ പ്രകാരം 31.03.2020 തിയ്യതി വരെയുള്ള സ്ഥാപനത്തിന്റെ ആകെ ആസ്തിമൂല്യം 54369315/- രൂപയാണ്. എന്നാൽ 31.03.2020 തിയ്യതി വരെ മൂലധന ചെലവുകൾക്കായി സ്ഥാപനം 86729871/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആസ്തി ആർജ്ജിക്കുന്നതിനായി സ്ഥാപനം ചെലവഴിച്ച തുകയും ആസ്തി മൂല്യവും തമ്മിൽ 32360556/- രൂപയുടെ വ്യത്യാസം ഉണ്ട്. തനത് ഫണ്ട് ചെലവഴിച്ച് ആർജ്ജിച്ച ആസ്തികളുടെ ചെലവ് മൂലധന ചെലവായി രേഖപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

9.സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തിമൂല്യത്തിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

1-2-2 രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകൾ

1. തൊഴിൽ നികുതി ഇനത്തിൽ സ്ഥാപനത്തിന് കുടിശ്ശിക ഉണ്ട്. എന്നാൽ ആയത് കുടിശ്ശിക രജിസ്റ്ററിലോ വാർഷിക കണക്കിലോ ഉൾപ്പെടുത്തിയിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയുടെ 2019-20 വർഷത്തെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. എൻ.പി.എസ്. റിക്കവറി രജിസ്റ്റർ പരിപാലിക്കുന്നില്ല.

1-2-3 അനുബന്ധ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ എന്നിവയും ഉൾകൊള്ളിച്ചിട്ടില്ല, 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2-4 ജേണൽ എൻട്രികൾക്ക് വൗച്ചർ തയ്യാറാക്കുന്നില്ല.

വരവിനങ്ങളിലെ ഡിമാന്റ് തുകയിലെ വ്യതിയാനങ്ങൾ വാർഷികമായി മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തുന്നത്. ഡിമാന്റിലെ വ്യതിയാനങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള Journal Entry രേഖപ്പെടുത്തുമ്പോൾ അനുബന്ധമായി ഒരു വൗച്ചറോ ഫയലോ ഉത്ഭവിക്കുന്നില്ല. ഇത് മൂലം ജേണൽ എൻട്രിയുടെ അനിവാര്യത, കൃത്യത എന്നിവ പരിശോധിക്കുന്നതിന് സാധ്യമാകുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കാതെയാണ് ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകൾ വരുത്തുന്നത് എന്നതും ഗൗരവകരമാണ്.

1-2-5 ആസ്തികളുടെ തേയ്മാനം സംബന്ധിച്ച രേഖകളില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുസ്സ് എന്നിവയെ സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതായും കാണുന്നില്ല. ഇത്തരത്തിൽ ആധികാരികമായ രേഖകളുടെ അഭാവത്തിൽ ആസ്തിമൂല്യത്തിൽ കുറവ് വരുത്തുന്നത് വാർഷിക കണക്കുകളുടെ കൃത്യതയെ പ്രതികൂലമായി ബാധിക്കും.

1-2-6 ലേലം വരവ് 2 ശീർഷകങ്ങളിൽ വിഭജിച്ച് ബുക്ക് ചെയ്തു.

2019-20 വർഷത്തിൽ പൊളിച്ച് മാറ്റിയ കായണ്ണ GUP സ്കൂൾ കെട്ടിടത്തിന്റെ വസ്തുക്കൾ ലേലം ചെയ്തതിലൂടെ സ്ഥാപനത്തിന് 251000/- രൂപ ലേലം ഇനത്തിൽ വരവുണ്ട്. എന്നാൽ ഈ വരവ് Sale Of Scrap, Receipts From Auction Of Obsolete Assets എന്നീ ഹെഡുകളിൽ വിഭജിച്ച് അക്കൗണ്ട് ചെയ്തിരിക്കുന്നു.

1-2-7 അനുബന്ധ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

1. 350200201 എന്ന പെൻഷൻ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുക 2020 മാർച്ച് മാസത്തെ ബാധ്യതയിൽ അധികരിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. ബാലൻസ് ഷീറ്റിലെ ബി 9 പത്രിക പ്രകാരം 350410101 നമ്പർ ശീർഷകത്തിൽ വസ്തുനികുതി മുൻകൂർ ഇനത്തിൽ 200998/- രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ തുക ഏതെല്ലാം ഡിമാന്റുകളിലേക്ക് ക്രമീകരിക്കേണ്ടതാണെന്ന വിവരം സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നിലവിൽ ഡിമാന്റ് ഇല്ലാത്തവർക്ക് തിരികെ നൽകേണ്ട തുക സംബന്ധിച്ചും സ്ഥാപനത്തിൽ രേഖകളില്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	7671068
ഓഡിറ്റ് വർഷത്തെ വരവ്	60386045
ആകെ	68057113
ഓഡിറ്റ് വർഷത്തെ ചെലവ്	61066082
നീക്കിയിരിപ്പ്	6991031
വരവിനങ്ങളിലെ നഷ്ടം	0
ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	15082
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	0

1-4. ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	-	7324370	7324370	7324370	0
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)	-	3514472	3514472	3514472	0
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)	-	142000	142000	142000	0
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	-	9096000	9096000	6417243	2678757
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	-	3251000	3251000	2137841	1113159
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	-	6713655	6713655	2738248	3975407
കേന്ദ്രാവിഷ്കൃത	730267	5022614	5752881	2491465	3261416

പദ്ധതികൾ					
സംസ്ഥാനാവിഷ്കൃത പദ്ധതികൾ	137879	1200000	1337879	300000	937879

സർക്കാർ ഉത്തരവ് (കൈ)16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം.തയ്യാറാക്കിയ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- ഫണ്ട് വിനിയോഗ പത്രിക പ്രകാരം ഉല്പാദന മേഖലയിൽ വികസന ഫണ്ട് ജനറൽ അടങ്കൽ ചെയ്തിരിക്കുന്നത് 3898699/- രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഇത് 2542399/- മാത്രമാണ്. ഇത്തരത്തിൽ വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നീ ഫണ്ടുകളുടെയും അടങ്കൽ തുക ചേർത്തിരിക്കുന്നതിൽ സുലേഖ ചെലവ് പത്രികയുമായി വലിയ അന്തരം കാണുന്നു.
- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മുന്നിരിപ്പ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
- കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
- ഫണ്ട് വിനിയോഗ പത്രിക പ്രകാരം വരവായി രേഖപ്പെടുത്തിയിരിക്കുന്നത് അലോട്ട്മെന്റ് പ്രകാരമുള്ള തുകയാണ്. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും യഥാർത്ഥത്തിൽ പിൻവലിച്ച തുകയല്ല വരവായി കാണിച്ചിട്ടുള്ളത്. എന്നാൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക പദ്ധതി ചെലവായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ വികസനഫണ്ട് ജനറലിന്റെ നീക്കിയിരിപ്പ് കമ്മിയായാണ് പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളത്.
- സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്ന തുക സ്ഥാപനത്തിന്റെ വരവായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവിൽ ഈ തുക ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത്	അടങ്കൽ	ചെലവ്	നടപ്പാക്കിയത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
123	85180575	48170452	78	41	7	62

1-6. തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	23355	1856918	1880273	1875136	5137
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	126425	126425	126425	-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	84600	53
കർഷകതൊഴിലാളി പെൻഷൻ	1885800	569
വിധവാപെൻഷൻ	2036400	594
വാർദ്ധക്യകാലപെൻഷൻ	3000000	991
വികലാംഗപെൻഷൻ	679200	195
വിവാഹധനസഹായം	30000	1

1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-03-2021 ന് 3.20 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20020/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ട്രേഡേഴ്സ് രജിസ്റ്റർ ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തി സമഗ്രമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിവിധനികുതി പിരിവുമായി ബന്ധപ്പെട്ട ചെക്കുകൾ യഥാസമയങ്ങളിൽ ബാങ്കിൽ സമർപ്പിക്കാത്ത കേസുകൾ കാണുന്നു. വിവരാവകാശ രജിസ്റ്ററിൽ മേലുദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്താത്ത കേസുകൾ കാണുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് ഡാറ്റാ ശേഖരണം നടത്തി സമഗ്രമായി തയ്യാറാക്കിയിട്ടില്ല. സഞ്ചയ റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 816 വാണിജ്യ കെട്ടിടങ്ങളുണ്ട്. എന്നാൽ 170 സ്ഥാപനങ്ങൾ (123 കെട്ടിടങ്ങളിലെ) മാത്രമാണ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിർണയിച്ച് നൽകിയിട്ടില്ല. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ട്രേഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നുണ്ട്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-10 രശീത് -പിരിവിലെയും അക്കൗണ്ട് ചെയ്യുന്നതിലെയും അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ രശീത് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ മാന്വൽ രശീതുകൾ, സാംഖ്യ രശീതുകൾ ഡേ ബുക്ക്, എന്നിവ പരിശോധനാ വിധേയമാക്കി. താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപാകതകൾ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. ഫീൽഡ് തല പിരിവിന് ഉപയോഗിക്കുന്ന രശീതുകൾ പ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ഇത്തരം രശീതുകൾ പ്രകാരമുള്ള പിരിവിന്റെ കൃത്യത പരിശോധിക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കളക്ഷൻ രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും ഇപ്രകാരമുള്ള പരിശോധന നടത്തപ്പെടുന്നില്ല എന്നത് വ്യക്തമായിട്ടുണ്ട്. ഇത് മൂലം അക്കൗണ്ടിലേക്ക് ബുക്ക് ചെയ്യുന്ന ശീർഷകങ്ങളിലും തുകയിലും വ്യത്യാസമുണ്ടാകുന്നു. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമനം	രശീത് നം	തുക അടച്ച ആളുടെ പേര്	രശീത് പ്രകാരമുള്ള തുകയും ശീർഷകവും	അക്കൗണ്ട് ചെയ്ത തുകയും ശീർഷകവും
1	44121/89 തി.	എ.സി. മൂസ	വസ്തു നികുതി-271 ലൈബ്രറി സെസ്സ്-14 പിഴപലിശ -1	വസ്തു നികുതി-266 ലൈബ്രറി സെസ്സ്-14 നോട്ടീസ് ഫീ-5 പിഴ പലിശ- 1

ഫീൽഡ് തല പിരിവുകളുടെയും വരവുകളുടെ അക്കൗണ്ടിംഗും മേൽനോട്ട ചുമതലയുള്ള ഒരു ഉദ്യോഗസ്ഥനാൽ പരിശോധിക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നതിലുള്ള വീഴ്ചയാണ് മേൽ അപാകതകൾക്ക് കാരണമായിട്ടുള്ളത്. അപാകതമൂലം വസ്തുനികുതി മുൻകൂർ ഇനത്തിൽ ബുക്ക് ചെയ്യേണ്ടിയിരുന്ന തുക നോട്ടീസ് ഫീ എന്ന ശീർഷകത്തിലാണ് വരവ് വെച്ചിട്ടുള്ളത്. അപാകത വാർഷിക കണക്കുകളെ തെറ്റായി പ്രതിഫലിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്.

2. സ്ഥാപനത്തിൽ 2020 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലായി ആകെ ഉപയോഗിച്ച സാംഖ്യ രശീത് സ്റ്റേഷനറികളുടെ എണ്ണം 318 ആണ്. ആയതിൽ 33 എണ്ണം പ്രിന്റർ തകരാർ മൂലം റദ്ദ് ചെയ്തിട്ടുണ്ട്. രശീതിൽ പ്രിന്റ് വരാതിരിക്കുക, പ്രിന്റ് ചെയ്യാതെ രശീത് ജനറേറ്റ് ചെയ്യുക, പ്രിന്റ് ചെയ്തതിലെ വിന്യാസത്തിലെ തകരാർ എന്നിവ മൂലമാണ് സ്റ്റേഷനറികൾ റദ്ദ് ചെയ്യപ്പെട്ടിട്ടുള്ളത്. 2020 ജൂൺ മുതൽ ഇത്തരത്തിലുള്ള തകരാർ പ്രകടമായിരുന്നിട്ടും സാങ്കേതിക തകരാർ പരിഹരിക്കുന്നതിന് സ്ഥാപനം നടപടി സ്വീകരിച്ചിട്ടില്ല. ഇത് മൂലം മനുഷ്യശേഷിയും സ്റ്റേഷനറികളും പാഴാവുകയും നികുതി ദായകർക്ക് സമയബന്ധിതമായി സേവനം നൽകുന്നതിന് തടസ്സമാവുകയും ചെയ്തിട്ടുണ്ട്. അപാകത സങ്കേതിക സഹായം നൽകേണ്ട സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി തകരാർ പരിഹരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്.

അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

<u>1-11 ട്രേഡ്സ് ലിസ്റ്റിന് കൃത്യതയില്ല- ഡിമാന്റ് പൂർണ്ണമല്ല</u>

2019-20 വർഷത്തിൽ ഡി.&ഒ. ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിൽ ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആധികാരികത ഇല്ല. രജിസ്റ്റർ തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ ഫീൽഡ് തല പരിശോധനാ റിപ്പോർട്ടുകൾ, ഫയൽ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ അല്ല ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. മാത്രമല്ല

കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന്നവർ, അഗ്രികൾച്ചറൽ നഴ്സറി തുടങ്ങിയവ). ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളും 2019-20 വർഷത്തിൽ വ്യാപാര ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2019-20 വർഷത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 255 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്.

2. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 816 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ 2019-20 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 170 പേർ മാത്രമാണ് ഡി.&ഒ. ലൈസൻസെടുത്തിട്ടുള്ളത് (20.83 %). ശേഷിക്കുന്ന 646 കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം കെട്ടിടങ്ങളെ സംബന്ധിച്ച വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നതിനോ, ഒരു കച്ചവടക്കാരൻ തന്നെ ഒന്നിലധികം കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോ സാധ്യത ഉണ്ടെങ്കിലും ആയത് പരിശോധിച്ച് ഉറപ്പിച്ചിട്ടില്ല.

മേൽ സ്വഭാവമുള്ള അപാകതകൾ 2017-18,2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളവയാണ്. അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കാനുമുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ സ്ഥാപനം പാലിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ അപാകത ഓഡിറ്റ് വർഷത്തിലും നടപ്പ് വർഷത്തിലും ആവർത്തിക്കപ്പെടും.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 2515 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും , 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി- അപാകതകൾ

2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ടെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെ.വി.എൽ.പി. ചെറുകാട് എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2019-20 വർഷത്തിന്റെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി സാമ്പത്തിക വർഷത്തിൽ ഈടാക്കിയിട്ടില്ല. ആയത് 2020 മെയ് മാസത്തിലാണ് പഞ്ചായത്തിൽ വരവ് വന്നിട്ടുള്ളത്. എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ ഈ തുക കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല. യഥാസമയം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപന മേധാവിക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
2. പഞ്ചായത്ത് പരിധിയിൽ താമസിച്ച് കെട്ടിടങ്ങൾ വാടകക്ക് നൽകി തൊഴിലിൽ ഏർപ്പെട്ട് വരുമാനം ആർജ്ജിക്കുന്നവരിൽ നിന്നും സ്ഥാപനം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാ- ഫയൽ നം- 3408/09. തി.22.08.2019 പ്രകാരമുള്ള രാജൻ കണ്ടോത്ത് കണ്ടി എന്നവരുടെ വ്യാപാര ലൈസൻസ് അപേക്ഷയോടൊപ്പം ഉൾകൊള്ളിച്ചിട്ടുള്ള വാടക കരാറിൽ നിന്നും കെട്ടിടത്തിന്റെ ഉടമയായ ആയടത്തിൽ സൗമ്യ എന്നവർക്ക് പ്രതിമാസം 6000/- രൂപ വാടക

വരവുണ്ടെന്ന് വ്യക്തമാണ്. എന്നാൽ ഇത്തരത്തിൽ വരുമാനം ആർജ്ജിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

3. ഒന്നോ അതിലധികമോ ജീവനക്കാരുള്ള സ്ഥാപനങ്ങളുടെ ഉടമകൾക്ക് റിട്ടേണുകൾ ലഭ്യമാക്കി നോട്ടീസ് നൽകി തൊഴിൽ നികുതിയുടെ വരുമാന പരിധിയിൽ ഉൾപ്പെടുന്നവ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. ഉദാ -: സെക്രട്ടറി, യോഗസിദ്ധ ഹെർബൽ പ്രൊഡക്ട്സ് എന്ന സ്ഥാപനത്തിന്റെ വ്യാപാര ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥാപനത്തിൽ 9 ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവരുടെ വരുമാനം കണക്കാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

4. പഞ്ചായത്തിലെ ഡി & ഒ ലൈസൻസ് പ്രകാരം 2019-20 വർഷത്തിൽ 170 വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഇത് 174 ആണ്.എന്നാൽ 2019-20 വർഷത്തിൽ 119 കച്ചവടക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. കച്ചവടക്കാർക്ക് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10 പ്രകാരമുള്ള ഫോറം 4 ൽ നോട്ടീസ് നൽകുകയോ റിട്ടേൺ വാങ്ങുകയോ ചെയ്തിട്ടില്ല. ഡി. & ഒ. ലൈസൻസ് അനുവദിച്ച മുഴുവൻ കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടില്ല.

5. കച്ചവടക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ്/ കളക്ഷൻ തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 83910/- രൂപയാണ്. എന്നാൽ ഡിമാന്റ് രജിസ്റ്ററിലെ ഡിമാന്റുകളുടെ ആകെ തുക 83960/- രൂപയാണ്.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല (നം-9/2019-20, തി.12.03.2021).

വ്യാപാരികളിൽ നിന്നും ബിസിനസ് ചെയ്യുന്നവരിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 16,1-ാം ഉപചട്ട പ്രകാരമുള്ള ഫോറം 1 പ്രകാരം നോട്ടീസ് നൽകി, ഫോറം II പ്രകാരം റിട്ടേൺ ലഭ്യമാക്കി ഡിമാന്റ് ചെയ്യേണ്ടതും മേൽ പരാമർശിച്ച അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-13 അനധികൃത കെട്ടിടത്തിനെതിരെ തുടർ നടപടികളില്ല.

എ1/2942/19, തി. 25.07.2019 ഫയൽ നമ്പറായുള്ള കീർത്തി ചന്ദ്രൻ, വരാപറമ്പിൽ എന്നവരുടെ കെട്ടിട നിർമ്മാണ അനുമതി അപേക്ഷയിന്മേൽ പരിശോധന നടത്തിയതിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതായും, നിർമ്മാണ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായാണ് നിർമ്മാണം പൂർത്തിയാക്കിയതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് അപാകതകൾ പരിഹരിച്ച് നൽകുന്നതിന് അപേക്ഷകയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുനസമർപ്പിച്ച ക്രമവൽക്കരണ അപേക്ഷയിന്മേൽ പരിശോധന നടത്തി കെട്ടിടം ക്രമവൽക്കരിച്ച് നൽകാൻ സാധ്യമല്ലെന്ന് സെക്രട്ടറി എ1/2942/19, തി.11/11/2019 കത്ത് മുഖേന അപേക്ഷകയെ അറിയിച്ചിട്ടുണ്ട്. ഭൂമി തുരന്ന് നിർമ്മിച്ച കെട്ടിടത്തിന് മതിയായ വായുസഞ്ചാര മാർഗ്ഗങ്ങളില്ലെന്ന് പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ മേൽ വിഷയത്തിന്മേൽ 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 235 ഡബ്ലിയു, 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 137, 138 എന്നിവ പ്രകാരം തുടർ നടപടികൾ കൈക്കൊള്ളുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. അപകടകരമായി നിർമ്മിച്ച കെട്ടിടത്തിനെതിരെ തുടർ നടപടികൾ കൈക്കൊണ്ട് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരവും കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരവും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ നിർവ്വഹിച്ച് പൊതുജന സുരക്ഷ ഉറപ്പ് വരുത്തേണ്ടതാണ്.

1-14 ചെക്ക് കളക്ഷന് നൽകാതെ കാലഹരണപ്പെട്ടു.

സ്ഥാപനത്തിന് വിവിധ വരവിനങ്ങളിലേക്ക് ലഭ്യമായ ചെക്കുകൾ യഥാസമയം ബാങ്കുകളിൽ കളക്ഷന് നൽകുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചെക്ക് നമ്പർ	ചെക്ക് തിയ്യതി	തുക
151118	25.09.2020	6250
15111	25.09.2020	1250
1610543	10.082020	5000
119155	18.11.2020	-

മേൽ ചെക്കുകൾ 2021 ജനുവരിയിലെ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്കിൽ നൽകിയെങ്കിലും കളക്ഷനായില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ചെക്കുകൾ ബാങ്കുകളിൽ കളക്ഷന് നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 12.03.2021 തിയ്യതിയിൽ നടത്തിയ ഭൗതിക പരിശോധനയിൽ മേൽ ചെക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

12.03.2021 തിയ്യതിയിലെ ഭൗതിക പരിശോധനയിൽ താഴെ പറയുന്ന ചെക്കുകൾ അക്കൗണ്ടന്റിന്റെ കൈവശം ബാങ്കുകളിൽ കളക്ഷന് നൽകാതെ സൂക്ഷിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

ക്രമ നമ്പർ	ചെക്ക് നം/തിയ്യതി	തുക	ബാങ്ക്
1	822433/04.09.2020	1250	എസ്.ബി.ഐ
2	693344/25.01.2021	32750	എച്ച്.ഡി.എഫ്.സി
3	151155/26.02.2021	6250	ഫെഡറൽ ബാങ്ക്
4	151156/26.02.2021	1250	ഫെഡറൽ ബാങ്ക്

2020-21 വർഷത്തിൽ ചെക്ക് മുഖേന ലഭിച്ച തൊഴിൽ നികുതി ഉൾപ്പെടെയുള്ള വരവുകൾ ബന്ധപ്പെട്ട ഡിമാന്റുകളിൽ വരവായി രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ മേൽ ചെക്കുകൾ ബാങ്കുകളിൽ കളക്ഷന് നൽകിയിട്ടില്ല. ചെക്കുകളിൽ പലതും 3 മാസ കാലാവധി പിന്നിട്ട് കാലഹരണപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ കാലഹരണപ്പെട്ട ചെക്കുകൾ ഭൗതിക പരിശോധനക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ ഓഡിറ്റ് തിയ്യതിവരെ 3 ചെക്ക്/ഡി.ഡി എന്നിവ ലഭിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഡേ ബുക്ക് പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 7 ചെക്ക്/ഡിഡി എന്നിവ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമായിട്ടുണ്ട്.

ലഭിക്കുന്ന ചെക്കുകളും ഡി.ഡി കളും യഥാസമയം കളക്ഷന് നൽകുന്നതിലുണ്ടാകുന്ന വീഴ്ച ഗുരുതരമായ സാമ്പത്തിക / അക്കൗണ്ടിംഗ് പൊരുത്തക്കേടുകൾക്ക് കാരണമാകും. ലഭിക്കുന്ന ചെക്ക് വരവ് രേഖപ്പെടുത്തുന്നതിനായി ജനറേറ്റ് ചെയ്യുന്ന രശീതിന്റെ നമ്പർ ഉപയോഗിച്ചാണ് ഡിമാന്റ് രജിസ്റ്ററുകൾ ക്രമീകരിക്കുന്നത്. അക്കൗണ്ടുകൾ പ്രതിമാസം ആഭ്യന്തര പരിശോധനക്ക് വിധേയമാക്കുന്നതിനുള്ള ഒരു സംവിധാനം സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടില്ല. മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും അക്കൗണ്ടുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നില്ല.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും ചെക്കുകൾ അടിയന്തിരമായി ബാങ്കുകളിൽ നിക്ഷേപിക്കേണ്ടതുമാണ്.

1-15 റോഡ് കട്ടിംഗ്- പുനസ്ഥാപിക്കൽ ഫീ ഈടാക്കിയില്ല.

ഫയൽ നം- എ1/1672/19

കായണ്ണ ബസാർ-പാടിക്കുന്ന് റോഡ്, ആദിവാസി കോളനി റോഡ് എന്നിവ കട്ട് ചെയ്ത് ഒ.എഫ്.സി. കേബിൾ സ്ഥാപിക്കുന്നതിനുള്ള റിലയൻസ് ജിയോയുടെ അപേക്ഷയിന്മേൽ ഗ്രാമപഞ്ചായത്ത് തീരുമാന പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി തുക ഈടാക്കിയിട്ടുണ്ട്. 150 മീറ്റർ നീളത്തിൽ ടാർ റോഡ്, കോൺക്രീറ്റ് റോഡ് എന്നിവ കട്ട് ചെയ്യുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ 95 മീറ്ററിന് മാത്രമാണ് പുനസ്ഥാപിക്കൽ ഫീ ഈടാക്കിയിട്ടുള്ളത്.

29.04.2019 ,25.09.2019 തിയ്യതികളിലെ ഭരണസമിതി തീരുമാന പ്രകാരം 7 പേർക്ക് റോഡ് കട്ട് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും പുനസ്ഥാപന ഫീ ഈടാക്കിയിട്ടില്ല. ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും ഭരണസമിതി തീരുമാനപ്രകാരമുള്ള ഫീ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. റിലയൻസ് ജിയോയുടെ അപേക്ഷയോടൊപ്പം സമർപ്പിച്ച സ്കെച്ചിൽ നിന്നും ടവറിലേക്ക് കണക്ഷൻ നൽകണമെങ്കിൽ 150 മീറ്റർ നീളത്തിൽ റോഡ് ടാർ ചെയ്യണമെന്നത് വ്യക്തമാണ്. കുറവ് വന്ന 55 മീറ്റർ റോഡ് പുനസ്ഥാപിക്കുന്നതിനുള്ള ഫീ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 കുറുത്തമ്പത്ത് ക്ഷേത്രം പാലം നിർമ്മാണം കുഴിച്ചെടുത്ത മണ്ണിന്റെ വിലകുറവ് വരുത്താതെ കരാറുകാരന് തുക നൽകി.

പ്രോജക്ട് നം-102/19-20

അടങ്കൽ -923431/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് -865421/- (ബിൽ നം-8/15-7-19 362174/-,ബിൽ നം- 15/1-1-19 503247/-)

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ -സജി.കെ.കെ

തൻ വർഷം സ്പിൽ ഓവർ പദ്ധതിയായി നിർവ്വഹണം ചെയ്ത കുറുത്തമ്പത്ത് ക്ഷേത്രം പാലം നിർമ്മാണ പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ എെറ്റം നമ്പർ 1 പ്രകാരം എസ്കവേറ്റ് ചെയ്തുകിട്ടുന്ന 31.547 എംക്യൂബ് മണ്ണ് എെറ്റം നമ്പർ 8 കൺസ്ട്രക്ഷൻ ഓഫ് സബ് ഗ്രേഡ് നിർമ്മാണത്തിനായി വേണ്ട 207.6 എം.ക്യൂബിൽ നിന്നും കുറവ് ചെയ്യുന്നുണ്ട്. പാലത്തിന്റെ അബട്മെന്റ് അർ.സി.സി. ചെയ്യേണ്ടിയിരുന്നത് മാറ്റി സിമന്റ് കോൺക്രീറ്റ് 1:2:4 ആക്കി ചെയ്യേണ്ടി

വന്നതിനാൽ എസ്റ്റിമേറ്റിൽ അധികരിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചത്. എം ബുക്ക് നം 32/18-19 പ്രകാരം പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് എെറ്റം നമ്പർ 1 എസ്കവേറ്റഡ് എർത്ത് ആയി 50.53 എം.ക്യൂബ് മണ്ണും , എെറ്റം നമ്പർ 8 ആയിസബ് ഗ്രേഡ് ആന്റ് എർത്തൺ ഷോൾഡർ നിർമ്മാണത്തിനായി 68.194 എം.ക്യൂബ് മണ്ണും ആണ് .ആകെ 865421/- രൂപ പ്രവൃത്തിമൂല്ല്യം കണക്കാക്കി ഫൈനൽ ബിൽ തയ്യാറാക്കിയതിൽ എെറ്റം നമ്പർ 8 ൻെ പ്രവൃത്തിമൂല്ല്യം കണക്കാക്കിയപ്പേൾ 68.194 എം ക്യൂബിൽ നിന്നും 50.53 എം.ക്യൂബ് കുറവ് ചെയ്യുന്നതിന് പകരം 12.44 എംക്യൂബ് കുറവ് വരുത്തി 55.754 എം. ക്യൂബിനാണ് വിലകണക്കാക്കിയിട്ടുള്ളത് . ഇതുകാരണം 38.09 എം.ക്യൂബ് മണ്ണിന്റെ വിലയായി 395.97 രൂപ നിരക്കിൽ 15082 /- രൂപ കരാറുകാരന് അധികം നൽകുന്നതിനിടയായി. ആയത് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-17 പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1-17-1 എസ്റ്റിമേറ്റിലും എംബുക്കിലും പ്രവൃത്തിയുടെ ചെയിനേജ് രേഖപ്പെടുത്തുന്നില്ല-

ഓഡിറ്റ് വർഷം റോഡ് നിർമ്മാണ പുനരുദ്ധാരണ പ്രവത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ ഒന്നിലും റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. മിക്ക പ്രവൃത്തികളും ചെറിയ ദൂരത്തിലുള്ളതും മുൻവർഷ പ്രവൃത്തികളുടെ തുടർച്ച എന്നരീതിയിലുമാണ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തികളുടെ എം. ബുക്കിലും ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ മുൻ വർഷം നിർവ്വഹിച്ച പ്രവൃത്തിതുടർച്ചയായാണ് പ്രവൃത്തി നിർവ്വഹണം ചെയ്തിട്ടുള്ളത് എന്ന് ഉറപ്പിക്കാൻ കഴിയാതെ വരുന്നു. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടിലും പ്രവൃത്തിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ഇത് പദ്ധതി നിർവ്വഹണത്തിലെ സുതാര്യത നഷ്ടപ്പെടുത്തുന്നു.

1-17-2 മെയിന്റനൻസ് ഗ്രാന്റ് റോഡ് ഉപയോഗിച്ച് പുതിയ റോഡ് നിർമ്മാണം നടത്തുന്നു.

മെയിന്റനൻസ് ഫണ്ട് റോഡ് നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണ സംരക്ഷണ പ്രവൃത്തികൾക്കായാണ് വിനിയോഗിക്കാവുന്നത് എന്നിരിക്കെ ഓഡിറ്റ് വർഷം മെയിന്റെനൻസ് ഗ്രാന്റ് റോഡ് നിരവധി പുതിയ റോഡുകളുടെ നിർമ്മാണങ്ങൾക്കായി വിനിയോഗിച്ചതായി കാണുന്നു.ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം	പ്രോജക്ടിന്റെ പേര്	ചെലവ്
105	ഈർച്ചമിൽ പുതുക്കുടിതാഴെ റോഡ് ടാറിംഗ്	200000
53	കറുത്തമ്പത്ത് ക്ഷേത്രം റോഡ്	399589
104	കട്ടിക്കണ്ടി നടപ്പാത	267967
117	വാവടുക്ക ചോലക്കൽ റോഡ് ടാറിംഗ്	399789

26/02/2019ലെ ഭരണസമിതിയുടെ 3/(02)/19 നമ്പർ തീരുമാനപ്രകാരം കായണ്ണ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡുകളിൽ 2019-20 വർഷം അറ്റകുറ്റ പണികൾ ആവശ്യമില്ലെന്ന് കണ്ടതിനാൽ സർക്കാരിന്റെ 68/22/എഫ്.എം1/2012/എൽ.എസ്.ജി.ഡി. തീയ്യതി 28.11.2012 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മാണത്തിനായി വിനിയോഗിച്ചിരിക്കുന്നത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ 2019-20 വർഷത്തെ പൊതുമരാമത്ത് മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം അറ്റകുറ്റപണി

നടത്തേണ്ടതായുള്ള 8.400 മീറ്റർ മെറ്റൽ റോഡുകൾ പഞ്ചായത്തിൽ ബാക്കിനിൽക്കുന്നുണ്ട്. പ്രസ്തുത 8.400 മീറ്റർ മെറ്റൽ റോഡുകളിലെ പ്രവൃത്തികൾ പൂർത്തീകരിക്കാതെയാണ് മെയിന്റനൻസ് ഗ്രാന്റ് റോഡ് പുതിയ റോഡുകളുടെ നിർമ്മിതിക്കായി വകയിരുത്തിയിരിക്കുന്നത്.

1-17-3 റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തി നടപ്പാക്കി .

ഈൗർച്ചമിൽ പുതുക്കുടിതാഴെ റോഡ് 77മീറ്റർ നീളത്തിൽ 2.70 മീറ്റർ വീതിയിൽ റോഡ് ടാറിങ്ങിനായാണ് എസ്റ്റിമേറ്റ് റിപ്പോർട്ട് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ പ്രവൃത്തിയുടെ എം. ബുക്ക് പരിശോധിച്ചതിൽ (33/18-19) ആകെ 66 മീറ്റർ നീളത്തിൽ 2.75 മീറ്റർ ശരാശരി വീതിയിൽ 15 സെന്റീമീറ്റർ കനത്തിൽ കോൺക്രീറ്റിംഗ് പ്രവൃത്തിചെയ്താണ് ഫൈനൽ ബിൽ നൽകിയിരിക്കുന്നത് (ചെലവ് 200000/- ബിൽ നം-1/4-5-19). പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയല്ല. റോഡ് ടാറിങ്ങിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 200000/- രൂപ അടങ്കലിൽ 77 മീറ്റർ നീളത്തിലും 2.70 മീറ്റർ വീതിയിലും 27 മീറ്ററിൽ ഇരുപുറവും 40 സെന്റീമീറ്റർ വീതിയിലും 12 സെന്റീമീറ്റർ കനത്തിലും എെറിഷ് ഡ്രെയിൻ നിർമ്മാണപ്രവൃത്തികളും ഉൽപ്പെടുത്തിയാണെന്നിരിക്കെ 66മീറ്റർ നീളത്തിൽ മാത്രം റോഡ് കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നതിനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-18 കാപ്പുമ്മൽ എസ്.ടി. കോളനി സാംസ്കാരികനിലയത്തിന് വാട്ടർടാങ്ക് - പദ്ധതി ലക്ഷ്യം കണ്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി മലബാർ എന്റർപ്രൈസസ് പേരാമ്പ്രയിൽ നിന്നും ഇൻവോയ്സ് നം-A1743 തീയ്യതി 12-3-20 പ്രകാരം SIMPLEX കമ്പനിയുടെ 750 ലിറ്ററിന്റെ ത്രീലെയർ വാട്ടർ ടാങ്കിന്റെ വിലയായി 4500/- ടി.എസ്.പി ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാട്ടർ ടാങ്ക് സ്റ്റോക്കിലെടുത്തതിന്റെയോ കാപ്പുമ്മൽ സാംസ്കാരിക നിലയത്തിൽ സ്ഥാപിച്ചതിന്റെയോ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടുതൽ അന്വേഷണം നടത്തിയതിൽ എസ്.ടി. സാസ്കാരിക നിലയത്തിനായി വാങ്ങിയ വാട്ടർടാങ്ക് പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാതെ പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെ സൂക്ഷിച്ചതായി കാണാൻ കഴിഞ്ഞു ആയതിനാൽ പദ്ധതി ലക്ഷ്യം കണ്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതും ടാങ്ക് സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-19 മുട്ടഗ്രാമം പദ്ധതി - പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട സബ്സിഡി നൽകിയില്ല

തൻവർഷം ജനറൽ വിഭാഗത്തിലും പട്ടികവർഗ്ഗ വിഭാഗത്തിലും 45 ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

പ്രൊജക്ട് നമ്പർ	അടങ്കൽ	ചെലവഴിച്ച പദ്ധതി വിഹിതം	റിമാർക്സ്
30/2019-20 പൊതുവിഭാഗം	പദ്ധതി വിഹിതം - 275000 ഗുണഭോക്തൃവിഹിതം - 275000	77000 (56 X 55 X 25)	25കോഴിക്കുഞ്ഞുങ്ങൾ വീതം 56 ഗുണഭോക്താക്കൾക്ക്. ഒരുകോഴിക്കുഞ്ഞിന്റെ വില 110 രൂപ. 50% സബ്സിഡി.
31/2019-20 ടി.എസ്.പി.	പദ്ധതി വിഹിതം-20900	20900 (19 X 110 X 10)	10 കോഴിക്കുഞ്ഞുങ്ങൾ വീതം 19 ഗുണഭോക്താക്കൾക്ക്.

ജനറൽ വിഭാഗത്തിന് 50% സബ്സിഡി നിരക്കിൽ 25 കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്തപ്പോൾ എസ്.ടി ഗുണഭോക്താക്കൾക്ക് 10 കോഴിക്കുഞ്ഞുങ്ങളെ വീതം മാത്രമാണ് വിതരണം ചെയ്തത്. എസ്.ടി. ഗുണഭോക്താക്കളിൽനിന്ന് ഗുണഭോക്തൃ വിഹിതം ഈടാക്കാത്തതിനാലാണ് കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം കുറച്ചതെന്ന വിശദീകരണമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. ഫലത്തിൽ ഇവർക്ക് അർഹതപ്പെട്ട സബ്സിഡി ലഭിച്ചില്ല എന്ന് കാണാവുന്നതാണ്. സ.ഉ.(കൈ)നം.22/2018തസ്വഭവ തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം മേൽ പദ്ധതിക്ക് എസ്.ടി. വിഭാഗത്തിന് 100% സബ്സിഡിക്ക് അർഹതയുണ്ട്. ഇത് പദ്ധതി രൂപീകരണത്തിലെ അപാകതയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/19-20)മറുപടി നൽകിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.

1-20 കാർഷിക മേഖല – പ്രൊജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും അപാകത

തൻവർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുടെയും പദ്ധതിവിഹിതം ചെലവഴിച്ചതിന്റെയും വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

പ്രൊജക്ടിന്റെ പേര്	ചെലവഴിച്ച തുക	റിമാർക്സ്
സമഗ്ര തെങ്ങ് കൃഷി വികസനം	554150	വികസനഫണ്ട്
തെങ്ങ്കയറ്റ യന്ത്രം വാങ്ങൽ	16380	ടി.എസ്.പി
പച്ചക്കറി കൃഷി വികസനം	44000	ടി.എസ്.പി
പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി	119000	വികസനഫണ്ട്

കാർഷിക മേഖലയിൽ പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പാക്കുമ്പോൾ ഭക്ഷ്യോൽപ്പാദനത്തിൽ സ്വയം പര്യാപ്തത, വിളവിസ്തൃതി, ഉൽപ്പാദനക്ഷമത, ജൈവകൃഷി പ്രോത്സാഹനം, സംയോജിത കൃഷി സമ്പ്രദായങ്ങൾ വഴി കർഷകന് കൃഷി ഭൂമിയിൽനിന്ന് പരമാവധി വരുമാനം, തരിശുഭൂമിയിലെ കൃഷി, മഴവെള്ള സംഭരണം തുടങ്ങി പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതിക്കായുള്ള മാർഗ്ഗ രേഖയിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ട പിന്തുണ നൽകാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയ്ക്ക് കഴിഞ്ഞിട്ടില്ല എന്ന് മേൽ പ്രൊജക്ടുകളിൽനിന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 5 പാടശേഖര സമിതികൾ ഉള്ളതായും 197 കർഷകർ 37 ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നതായും പരാമർശിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ രൂപീകരിക്കുന്നതിന് ചർച്ചകൾ നടന്നതായി കാണുന്നില്ല. തരിശുനിലങ്ങൾ സംബന്ധിച്ച ഡാറ്റ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല. നെൽകൃഷി വികസനത്തിനാവശ്യമായ വിത്ത്, വളം, ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയവ ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ നെൽകൃഷി വികസനത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/19-20)മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകേണ്ടതാണ്.

1-21 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയില്ല.

എെ.സി.ഡി.എസ്. സൂപ്പർ വൈസർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം പഞ്ചായത്തിലെ 17 അങ്കണവാടികളിൽ മൂന്ന് എണ്ണത്തിന് സ്ഥിരം കെട്ടിടം ഇല്ല. 11 അങ്കണവാടികൾ കുടിവെള്ളത്തിനായി അടുത്തുള്ള വീടുകളെയാണ് ആശ്രയിക്കുന്നത് 12 അങ്കണവാടികൾക്ക് വെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിനാവശ്യമായ ടാങ്ക് സംവിധാനമില്ല. മേഖലയെ സംബന്ധിച്ച് സ്റ്റാറ്റസ്

റിപ്പോർട്ടിൽ പഞ്ചായത്തിലെ ഒരു അങ്കണവാടിക്ക് സ്ഥലവും കെട്ടിടവും ഇല്ലാത്തതായുണ്ട് ആയത് പരിഹരിക്കേണ്ടതുണ്ട് എന്ന് മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. തൻ വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നാല് അങ്കണവാടികളുടെ നവീകരണത്തിനായി പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം അങ്കണവാടികളിലും അടിസ്ഥാന ആവശ്യമായ കുടിവെള്ളം ലഭ്യമാക്കുന്നതിനും ശേഖരിച്ച് സൂക്ഷിച്ച് ഉപയോഗിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തത് സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിക്കപെട്ടിട്ടില്ല. ആയതിനാൽ തന്നെ അങ്കണവാടികൾ നേരിടുന്ന മേൽ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കാൻ കഴിയാതെ പോയി .

1-22 താത്കാലികമായി വിട്ടു നൽകുന്ന ആസ്തികളെ സംബന്ധിച്ച രേഖകളില്ല.

വാർഷിക പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകൾ പ്രവൃത്തി നടത്തുന്ന ആവശ്യത്തിലേക്ക് മാത്രമായി താത്കാലികമായി ഏറ്റെടുക്കുകയും പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തിന് തിരികെ നൽകാറുമുണ്ട് . ഇത്തരത്തിൽ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് താത്കാലികമായി ആസ്തികൾ വിട്ടുനൽകിയിട്ടുണ്ടെന്ന് സ്ഥാപനം വാക്കാൽ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച വിവരശേഖരണം നടത്തുന്നതിനായി 12.03.2021 തിയ്യതിയിൽ സെക്രട്ടറിക്ക് നൽകിയ 07/2019-20 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇപ്രകാരം താത്കാലികമായി മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുനൽകുന്ന ആസ്തികൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം സ്ഥാപനത്തിൽ ഇല്ല. ആസ്തി രജിസ്റ്റർ കാലികമല്ലാത്തതിനാലും വിട്ടുനൽകുന്ന ആസ്തികളെ സംബന്ധിച്ച ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാലും ആസ്തിമൂല്യത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ അക്കൗണ്ടിൽ ബുക്ക് ചെയ്യുന്നതിന് സ്ഥാപനത്തിന് സാധിക്കാത്ത അവസ്ഥ ഉണ്ടാകുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതും ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് പ്രവൃത്തി നടത്തുന്നതിലേക്കായി താത്കാലികമായി വിട്ടുകൊടുത്ത ആസ്തികൾ സംബന്ധിച്ച വിശദാംശങ്ങൾ സ്ഥാപനത്തിൽ ലഭ്യമല്ല .
2. ഇത്തരത്തിൽ താത്കാലികമായി വിട്ടുകൊടുക്കുന്ന ആസ്തികളിന്മേൽ ഏറ്റെടുത്ത സ്ഥാപനം നടത്തുന്ന പ്രവൃത്തികളുടെ മൂലധന ചെലവ് ഗ്രാമപഞ്ചായത്തിന്റെ ആസ്തിമൂല്യത്തിലോ വാർഷിക കണക്കുകളിലോ പ്രതിഫലിക്കുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ച് ആസ്തി തിരികെ ലഭിക്കുമ്പോഴും ആസ്തി മൂല്യത്തിലുണ്ടായ വ്യതിയാനം സ്ഥാപനത്തിന്റെ കണക്കുകളിൽ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ മൂലം ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ യഥാർത്ഥത്തിലുള്ള ആസ്തിമൂല്യം പ്രതിഫലിപ്പിക്കുന്നതിന് സാധിക്കാതെ വരുന്നു. അപാകതകൾ പരിഹരിക്കുന്നതിന് ഇത്തരത്തിൽ വിട്ട് നൽകുന്ന ആസ്തികളെ സംബന്ധിച്ച ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്ത് തയ്യാറാക്കേണ്ടതും പ്രവൃത്തി നടത്തുന്ന സ്ഥാപനം മൂലധന ചെലവുകൾ യഥാസമയം ഗ്രാമപഞ്ചായത്തിനെ അറിയിക്കുന്നതിനും ആയതിനനുസരിച്ച് ആസ്തിയുടെ മൂല്യത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആസ്തികൾക്ക് ഏകീകൃത തിരിച്ചറിയൽ നമ്പർ നൽകി സാംഖ്യ-സചിത്ര സോഫ്റ്റ്‌വെയറുകൾ സംയോജിപ്പിക്കേണ്ടതുമാണ്.

1-23 മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കാതെ നഷ്ടപ്പെടുത്തി

പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ മാത്രമുള്ള കായണ്ണ ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള പ്രധാന സാമ്പത്തിക സ്രോതസ്സാണ് വിവിധ ഇനം സർക്കാർ ഗ്രാന്റുകളും

ഫണ്ടുകളും. എന്നാൽ ഇത്തരത്തിൽ ലഭ്യമാവുന്ന ഗ്രാന്റുകൾ പോലും കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലുള്ള വീഴ്ചമൂലം ചെലവഴിക്കാനാവാതെ നഷ്ടപ്പെടുന്ന സാഹചര്യവും സ്ഥാപനത്തിലുണ്ടായിട്ടുണ്ട്. 2019-20 വർഷത്തേക്ക് മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം ഇനത്തിൽ സ്ഥാപനത്തിന് ലഭിച്ച 3251000/- രൂപയിൽ 2137841/- രൂപ മാത്രമെ സ്ഥാപനത്തിന് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളു. 1113159/- രൂപ പഞ്ചായത്തിന് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാൻ സാധിക്കാത്തത് മൂലം നഷ്ടപ്പെട്ടു. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയ 3 പദ്ധതികളിൽ നിന്നും ഒരു രൂപ പോലും ചെലവഴിക്കുന്നതിന് സാധിച്ചിട്ടില്ല.

കായണ്ണ ആയുർവ്വേദ ഡിസ്പൻസറിക്ക് അടിസ്ഥാന സൗകര്യ വികസനം, അറ്റകുറ്റ പണികൾ, ചുറ്റുമതിൽ എന്നിവ ആവശ്യമുണ്ടെന്ന് സ്റ്റാറ്റസ് റിപ്പോർട്ടിൽ സ്ഥാപനം നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരമായി നിർദ്ദേശിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിന്റെ പദ്ധതി നിർദ്ദേശങ്ങളിലും മേൽ പറഞ്ഞവ ഉൾപ്പെട്ടിട്ടുണ്ട്. 2019-20 വർഷത്തിൽ സ്ഥാപനം 1113159/- രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നടപ്പിലാക്കുന്നതിന് സാധിക്കില്ലെന്ന് ഉറപ്പുണ്ടായിരുന്ന ഘട്ടത്തിൽ അത്തരം പദ്ധതികൾ ഉപേക്ഷിച്ച് ആയുർവ്വേദ ആശുപത്രി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകമാവുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ വീഴ്ച വരുത്തി. ഫണ്ട് നഷ്ടപ്പെടുത്തിയതിനും ആയുർവ്വേദ ഡിസ്പൻസറി നേരിടുന്ന വെല്ലുവിളികൾ നേരിടുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാത്തതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-15/19-20, തി.12.03.2021) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

3-1 കുറുത്തമ്പത്ത് ക്ഷേത്രം പാലം നിർമ്മാണം കുഴിച്ചെടുത്ത മണ്ണിന്റെ വില കുറവ് വരുത്താതെ കരാറുകാരന് തുക നൽകി.

പ്രോജക്ട് നം-102/19-20

അടങ്കൽ -923431/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് -865421/- (ബിൽ നം-8/15-7-19 362174/-,ബിൽ നം- 15/1-1-19 503247/-)

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ -സജി.കെ.കെ

തൻ വർഷം സ്പിൽ ഓവർ പദ്ധതിയായി നിർവ്വഹണം ചെയ്ത കുറുത്തമ്പത്ത് ക്ഷേത്രം പാലം നിർമ്മാണ പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഐറ്റം നമ്പർ 1 പ്രകാരം എസ്കവേറ്റ് ചെയ്തുകിട്ടുന്ന 31.547 എംക്യൂബ് മണ്ണ് ഐറ്റം നമ്പർ 8 കൺസ്ട്രക്ഷൻ ഓഫ് സബ് ഗ്രേഡ് നിർമ്മാണത്തിനായി വേണ്ട 207.6 എം.ക്യൂബിൽ നിന്നും കുറവ് ചെയ്യുന്നുണ്ട്. പാലത്തിന്റെ അബട്മെന്റ് അർ.സി.സി. ചെയ്യേണ്ടിയിരുന്നത് മാറ്റി സിമന്റ് കോൺക്രീറ്റ് 1:2:4 ആക്കി ചെയ്യേണ്ടി

വന്നതിനാൽ എസ്റ്റിമേറ്റിൽ അധികരിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചത്. എം ബുക്ക് നം 32/18-19 പ്രകാരം പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് എെറ്റം നമ്പർ 1 എസ്കവേറ്റഡ് എർത്ത് ആയി 50.53 എം.ക്യൂബ് മണ്ണും , എെറ്റം നമ്പർ 8 ആയിസബ് ഗ്രേഡ് ആന്റ് എർത്തൺ ഷോൾഡർ നിർമ്മാണത്തിനായി 68.194 എം.ക്യൂബ് മണ്ണും ആണ് .ആകെ 865421/- രൂപ പ്രവൃത്തിമൂല്ല്യം കണക്കാക്കി ഫൈനൽ ബിൽ തയ്യാറാക്കിയതിൽ എെറ്റം നമ്പർ 8 ൻെ പ്രവൃത്തിമൂല്ല്യം കണക്കാക്കിയപ്പോൾ 68.194 എം ക്യൂബിൽ നിന്നും 50.53 എം.ക്യൂബ് കുറവ് ചെയ്യുന്നതിന് പകരം 12.44 എംക്യൂബ് കുറവ് വരുത്തി 55.754 എം. ക്യൂബിനാണ് വിലകണക്കാക്കിയിട്ടുള്ളത് . ഇതുകാരണം 38.09 എം.ക്യൂബ് മണ്ണിന്റെ വിലയായി 395.97 രൂപ നിരക്കിൽ 15082 /- രൂപ കരാറുകാരന് അധികം നൽകുന്നതിനിടയായി. ആയത് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

ഭാഗം -4

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2019-20	03.03.2021 മുതൽ 15.03.2021 വരെ

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2019-20	175000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	175000	-
ബ്ലോക്ക് പഞ്ചായത്ത്	2019-20	175000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	175000	-
ജില്ലാ പഞ്ചായത്ത്	2019-20	700000	ലൈഫ് ഭവനനിർമാണം	670000	30000

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3300000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ	തൻവർഷം തിരിച്ചടച്ച തുക		വർഷാവ

			ബാക്കിയുണ്ടായിരുന്ന തുക	മുതൽ	പലിശ	സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ഇ.എം.എസ് ഭവന പദ്ധതി	207/09/ ത.സ്വ.ഭ.വ.07/11/ 2009,306/09 തീ.07.12.11	8775000	839481	839481	-	0
ലൈഫ് ഭവന പദ്ധതി	എൽ.എഫ്.544/18 തീ.02/01/2019, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ	3300000	18803665	1529411	-	20574254
ആകെ						20574254

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	10000
തൻവർഷം നിക്ഷേപിച്ച തുക	-
ആകെ	10000
തന്നാണ്ടിൽ പിൻവലിച്ച തുക	-
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	10000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

ക്രമ നം	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്)	നിക്ഷേപിച്ച തിയതി	കാലയളവ്	തുക	റിമാർക്ക്സ്
1	ഇ.എം.എസ് ഹോസ്പിറ്റൽ ഷെയർ	09.09.2014	-	10000	
ആകെ				10000	

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-02	ലഭ്യമല്ല	2004-05 (പൊതുപരാമർശം)	11.1.3.20.117	നികുതി പിരിവിൽ അലംഭാവം	നിലനിൽക്കുന്നു.

2017-18	3-3	2016-17	1-11-1.161	TSB ഫണ്ട് ലഭിയ്ക്കുന്നില്ല.	നിലനിൽക്കുന്നു.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	7671068
ഓഡിറ്റ് വർഷത്തെ വരവ്	60386045
ആകെ	68057113
ഓഡിറ്റ് വർഷത്തെ ചെലവ്	61066082
നീക്കിയിരിപ്പ്	6991031
വരവിനങ്ങളിലെ നഷ്ടം	0
ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	15082

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
1-16		15082	നീന.പി അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
നീന. പി.	അസിസ്റ്റന്റ് എഞ്ചിനീയർ കായണ്ണ ഗ്രാമപഞ്ചായത്ത്.	കൊളത്തൊടി ചാലിയം.പി.ഒ കോഴിക്കോട് 673301

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
2000-01	കെ.എസ്.എ.കെ.കെ.ഡി.പി.4/775/18 തീ. 20.02.2018	1	2-1
2000-01 (പദ്ധതി ചെലവ്)	കെ.എസ്.എ.കെ.കെ.ഡി.പി.4/775 /18(1) തീ. 20.02.2018	1	2
2001-02	കെ.എസ്.എ.കെ.കെ.ഡി.പി.4/775/18(2) തീ. 20.02.2018	2	3-5, 4-1
2003-04	കെ.എസ്.എ.കെ.കെ.ഡി.പി.4/775/18(4) തീ.20.02.2018	1	3-6
2004-05	കെ.എസ്.എ.കെ.കെ.ഡി.പി.4/775/18(5) തീ.20.02.2018	2	3-5, 3-6
2005-06	കെ.എസ്.എ.കെ.കെ.ഡി.പി.4/775/18(6) തീ.20.02.2018	4	2-2, 2-3, 3-6, 3-7
2006-07	കെ.എസ്.എ.കെ.കെ.ഡി.പി.4/775/18(7) തീ.20.02.2018	3	2-4, 3-3, 3-6
2007-08	കെ.എസ്.എ.കെ.കെ.ഡി.പി.4/775/18(8) തീ.20.02.2018	3	3-1,3-2, 3-5, 3-6
2008-09	കെ.എസ്.എ.കെ.കെ.ഡി.പി.4/775/18(9) തീ. 20..02.2018	3	3-1, 3-2, 3-3
2009-10	കെ.എസ്.എ.കെ.കെ.ഡി.പി.4/775/18(10) തീ.20.02.2018	5	2-4,3-1, 3-2, 3-3, 3-7
2010-11 2011-12	എൽ.എഫ്.കെ.കെ.ഡി.പി.4/262/13 തീ. 15.11.2013	21	2-1, 3-1, 3-2, 3-3, 3-4,3-5, 3-6, 3-10, 3-12,3-13, 3-15, 3-16, 3-

			17,3-18, 3-19, 3-20, 3-21, 3-22, 3-25, 4-3, 4-5
2012-13	കെ.എസ്.എ.കെ.കെ.ഡി.പി.4/618/15 തീ. 23.11.2015	10	1-3, 3-1(1), 3-1(2), 3-1(3),3-2, 3-3, 3-5(2), 3-7, 3-9, 4-1
2013-14 2014–15	കെ.എസ്.എ.കെ.കെ.ഡി.പി.4/1386/16 തീ.21.03.2017	23	2-1, 2-2, 3-1, 3-2(1), 3-2(2), 3-3, 3-4, 3-5,3-6, 3-7(1), 3-7(2),3-8, 3-9, 3-10, 3-11,3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19
2015-16	കെ.എസ്.എ.കെ.കെ.ഡി.പി.4/1943/16 തീ. 21.03.2017	18	2-1, 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9,3-10, 3-11, 3-12, 3-13,3-14, 3-15, 3-16, 3-17
2016-17	കെ.എസ്.എ.കെ.കെ.ഡി.പി.4/2118/17 തീ. 28.02.2018	7	2-1(1), 3-1, 3-2, 3-3,3-4, 3-5, 3-9

2017-18	കെ.എസ്.എ.കെ.കെ.ഡി.പി.4/2700/18 തീ. 07.01.2019	19	2-1,2-2,2-3, 2-4, 2-5,3-1,3-2,3-3, 3-4,3-5, 3-9(2), 3-10,3-11,3-12, 3-13,3-14,3-15, 3-16,4-10
2018-19	കെ.എസ്.എ.കെ.കെ.ഡി.പി.8/1816/19 തീ. 12.11.2019	22	1-1,1-2,1-3,1-4,1-5, 1-6,1-7,1-8,1-9, 1-10,1-11,1-12, 1-13,1-14,1-15, 1-16,1-17, 1-18,1-19,1-20, 1-21,1-22

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്